# പട്ടികജാതി വികസന വകുപ്പ്

## രൂപരേഖ

ഇന്ത്യൻ ഭരണഘടനയുടെ 341,342 ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾ യഥാക്രമം പട്ടികജാതിക്കാരെന്നും, പട്ടികവർഗ്ഗക്കാരെന്നും അറിയപ്പെടുന്നു. സാംപത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി സമൂഹത്തിന്റെ ഏറ്റവും പിന്നിൽ നിൽക്കുന്ന ഈ വിഭാഗങ്ങളുടെ പരിരക്ഷയ്ക്ക് കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാരും പ്രാധാന്യം നൽകി ബഹുമുഖ വികസന പരിപാടികൾ നടപ്പാക്കി വരുന്നു. പട്ടികജാതിക്കാരുടെ ഉന്നമന ത്തിനുവേണ്ടി പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പും നിലകൊള്ളുന്നു. പട്ടികജാതി വികസന വകുപ്പിൻ കീഴിൽ മറ്റർഹസമുദായങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ, സാംപത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായങ്ങൾ എന്നിവർക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു. വകുപ്പിനെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ www.kerala.scdepartment.org.എന്ന സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി വികസന പരിപാടികൾ

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പരിപാടികളെ പ്രധാനമായും മൂന്നായി തരം തിരിക്കാം.

1. വിദ്യാഭ്യാസ പരിപാടികൾ
2. സാംപത്തിക വികസന പരിപാടികൾ
3. സാമൂഹ്യ ഉന്നമന പരിപാടികളും ക്ഷേമ പദ്ധതികളും

## വിദ്യാഭ്യാസ പരിപാടികൾ

(1) പ്രീ പ്രൈമറി വിദ്യാഭ്യാസം:-

ജില്ലയിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 6 നഴ്സറി സ്ക്കൂളുകൾ പ്രവർത്തിച്ചു വരുന്നു. എൽ.കെ.ജി, യു.കെ.ജി സംപ്രദായം തുടരുന്ന പ്രസ്തുത നഴ്സറി സ്ക്കൂളുകളിൽ ഓരോ കുട്ടിക്കും ആഹാരത്തിനായി പ്രതിദിനം 5 രൂപയും യൂണിഫോമിനായി പ്രതിവർഷം 200 രൂപയും ലംപ്സം ഗ്രാന്റായി 65 രൂപയും നൽകുന്നു. പ്രീ പ്രൈമറി വിദ്യാഭ്യാസ പരിപാടി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന നഴ്സറി സ്ക്കൂളുകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ലയിലെ നഴ്സറി സ്ക്കൂളുകൾ

| ക്രമനം. | സ്ക്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം | ഉൾപ്പെടുന്ന ബ്ളോക്ക്/കോർപ്പറേഷൻ | താലൂക്ക് | കപ്പാസിറ്റി |
|---|---|---|---|---|
| 1 | നെടുപുഴ | തൃശ്ശൂർ കോർപ്പറേഷൻ | തൃശ്ശൂർ | 30 |
| 2 | പെരുംപ്പിള്ളിശ്ശേരി | ചേർപപ് ബ്ളോക്ക് | തൃശ്ശൂർ | 30 |
| 3 | വീട്ടിക്കുന്ന് | പഴയന്നൂർ ബ്ളോക്ക് | തലപ്പിള്ളി | 30 |
| 4 | കുമരനെല്ലൂർ | വടക്കാഞ്ചേരി ബ്ളോക്ക് | തലപ്പിള്ളി | 30 |
| 5 | ആനന്ദപുരം | ഇരിഞ്ഞാലക്കുട ബ്ളോക്ക് | മുകുന്ദപുരം | 30 |
| 6 | അഷ്ടമിച്ചിറ | മാള ബ്ളോക്ക് | മുകുന്ദപുരം | 30 |

(2) പ്രീ മെട്രിക്ക് വിദ്യാഭ്യാസം

ജില്ലയിലെ അംഗീകൃത സ്ക്കൂളുകളിൽ ഒന്നു മുതൽ 10-ാാ തരം വരെ പഠിക്കുന്ന പട്ടികജാതി /മറ്റർഹ വിഭാഗ കുട്ടികൾക്ക് ലംപ്സം ഗ്രാന്റായി ലോവർ പ്രൈമറി തലത്തിൽ 95 രൂപ, അപ്പർ പ്രൈമറി തലത്തിൽ 155 രൂപ ,ഹൈസ്ക്കൂൾ തലത്തിൽ 220 രൂപ എന്നീ ക്രമത്തിൽ നൽകി വരുന്നു. കൂടാതെ പട്ടികജാതിക്കാരുടെ ഇടയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന നായാടി,വേടൻ,വേട്ടുവൻ എന്നീ വിഭാഗത്തിലെ കുട്ടികൾക്ക് പ്രതിമാസം സ്റ്റൈപന്റും നൽകി വരുന്നു. തോട്ടി പണിയിൽ ഏർപ്പെട്ടിരുന്നവരുടെയും തുകൽ ഉറയിടുന്നതുപോലെയുള്ള വൃത്തിഹീന തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന വരു ടെയും കുട്ടികൾക്ക് ജാതി, വരുമാനം എന്നിവ നോക്കാതെ അഡ്ഹോക്ക് ഗ്രാന്റ് ഇനത്തിൽ 500 രൂപയും പ്രതിമാസം സ്റ്റൈപന്റായി 25 രൂപ മുതൽ 50 രൂപ വരെയും നൽകിവരുന്നു.

(3) സമർത്ഥരായ പട്ടികജാതി കുട്ടികൾക്ക് സ്വകാര്യ ബോർഡിംഗ് സ്ക്കൂളുകളിൽ വിദ്യാഭ്യാസ സൗകര്യം

ഉയർന്ന മാർക്കോടുകൂടി 4-ാം തരം പാസ്സാകുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്വകാര്യ ബോർഡിംഗ് സ്ക്കൂളുകളിൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ക്കൂളിലെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു. ഈ പദ്ധതി ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

(4). ഉന്നത വിദ്യാഭ്യാസം

എസ്.എസ്.എൽ.സി കഴിഞ്ഞുള്ള വിവിധ വിദ്യാഭ്യാസ കോഴ്സുകൾക്ക് വരുമാന പരിധിയില്ലാതെ പട്ടികജാതിക്കാർക്ക് മുഴുവൻ ഫീസ് ഇളവും ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപന്റും നൽകി വരുന്നു. ഗവ. അംഗീകാരമുള്ള എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് 475 രൂപ മുതൽ 1375 രൂപ വരെ വ്യത്യസ്ത നിരക്കിൽ ലംപ്സം ഗ്രാന്റും 8 കി .മീ. ഉള്ളിൽ താമസിക്കുന്നവർക്ക് 270 രൂപ നിരക്കിലും 8 കി .മീ.ന് വെളിയിൽ താമസിക്കുന്നവർക്ക് 315രൂപ നിരക്കിലും പ്രതിമാസ സ്റ്റെപന്റും, സ്ഥാപനത്തിൻെറ ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ താമസിക്കുന്നവർക്ക് താമസ-ഭക്ഷണ ചെലവും പോക്കറ്റ് മണിയും ലഭിക്കുന്നു. സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ സ്ഥാപനത്തിൻെറ ഹോസ്റ്റലോ അംഗീകൃത ഹോസ്റ്റലോ ഇല്ലാതിരിക്കുകയും സ്വന്തം നിലയിൽ സ്ഥാപനത്തിന് സമീപത്ത് താമസിക്കുകയും ആണെങ്കിൽ ഭക്ഷണ ചെലവിനായി പ്രതിമാസം 1000 രൂപ നിരക്കിൽ

സ്റ്റൈപന്റ് ലഭിക്കുന്നതാണ് . മറ്റർഹ വിഭാഗങ്ങൾക്ക് പട്ടികജാതിക്കാർക്ക് സാധാരണ ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കുന്നു. ഈ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഫോറത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

## (5) പ്രീമെട്രിക്ക് ഹോസ്റ്റലുകൾ

5 മുതൽ 10 വരെ ക്ളാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായി താമസിച്ച് വിദ്യാഭ്യാസം തുടരുന്നതിനായി ഡിപ്പാർട്ട്മെന്റ് നടത്തുന്ന 5 പ്രീ മെട്രിക്ക് ഹോസ്റ്റലുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 10 ശതമാനം സീറ്റ് മറ്റുവിഭാഗത്തിൽപെട്ടവർക്കായി നീക്കിവെച്ചിട്ടുണ്ട്. ജില്ലയിലെ 5 പ്രീമെട്രിക്ക് ഹോസ്റ്റലുകളും സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്.(ലിസ്റ്റ് അടക്കം ചെയ്യുന്നു) ഭക്ഷണത്തിനായി പ്രതിമാസം 700 രൂപയും പോക്കറ്റ് മണിയായി 45 രൂപയും ഇവർക്ക് നൽകിവരുന്നു. പ്രത്യേക ട്യൂഷനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

### ജില്ലയിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകൾ

| ക്രമനം. | ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന സ്ഥലം | ഹോസ്റ്റൽ ആൺകുട്ടികൾക്കോ പെൺകുട്ടികൾക്കോ എന്ന് | ബ്ളോക്ക് | താലൂക്ക് | കപ്പാസിറ്റി |
|---|---|---|---|---|---|
| 1 | ചേലക്കര | പെൺ | പഴയന്നൂർ | തലപ്പിള്ളി | 30 |
| 2 | ചെറുതുരുത്തി | പെൺ | പഴയന്നൂർ | തലപ്പിള്ളി | 30 |
| 3 | എരുമപ്പെട്ടി | ആൺ | വടക്കാഞ്ചേരി | തലപ്പിള്ളി | 30 |
| 4 | നന്തിക്കര | ആൺ | ഇരിഞ്ഞാലക്കുട | മുകുന്ദപുരം | 30 |
| 5 | ഏങ്ങണ്ടിയൂർ | ആൺ | തളിക്കുളം | ചാവക്കാട് | 30 |

## 6. സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ

സന്നദ്ധ സംഘടകൾ നടത്തുന്ന ഹോസ്റ്റലുകളിൽ താമസിച്ചു പഠിയ്ക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ ബോർഡിംഗ് ഗ്രാന്റും, യൂണിഫോമും ഈ സ്ക്കീമിലൂടെ നൽകി വരുന്നു. ജില്ലയിൽ ഈ ആനുകൂല്യം നൽകിവരുന്ന ഹോസ്റ്റലുകളുടെ പേരു വിവരം ഇതോടൊപ്പം അടക്കം ചെയ്യുന്നു.

| ക്രമ നം. | സബ്സിഡൈസ്ഡ് ഹോസ്റ്റലിന്റെ പേര്/സ്ഥലം | ആൺകുട്ടി/ പെൺകുട്ടി | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | താലൂക്ക് | കപ്പാസിറ്റി |
|---|---|---|---|---|---|
| 1 | ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര | ആൺ | അടാട്ട് പഞ്ചായത്ത് | തൃശ്ശൂർ | 30 |
| 2 | ശ്രീശാരദാ മഠം, പുറനാട്ടുകര | പെൺ | ,, | ,, | 30 |
| 3 | കസ്തൂർബാ ബാലികാ സദനം | പെൺ | ഗുരുവായൂർ | ചാവക്കാട് | 90 |

7. <u>ക്ഷേത്ര പ്രവേശന വിളംബരസ്മാരക സ്ക്കോളർഷിപ്പ് /അവാർഡ്</u>

1936 നവംബർ മാസം 12-ാം തിയതിയിലെ ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ സ്മാരകമായി വിവിധ കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിവിധ നിരക്കിൽ സ്ക്കോളർഷിപ്പ് നൽകി വരുന്നു. ഇതിനു പുറമെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികജാതി വിദ്യാർത്ഥികളെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുത്തുകയും അതിൽ ഏറ്റവും കൂടുതൽ പേരെ വിജയിപ്പിയ്ക്കുകയും ചെയ്യുന്ന സർക്കാർ/എയ്ഡഡ് മേഖലയിലുള്ള ഓരോ സ്ക്കൂളിനും വകുപ്പു മന്ത്രിയുടെ വകയായി കാഷ് അവാർഡും ട്രോഫിയും നൽകുന്നു.

8. <u>മുഖ്യമന്ത്രിയുടെ സ്ക്കോളർഷിപ്പ്</u>

ഓരോ വർഷവും എസ്.എസ്.എൽ.സി.യ്ക്ക് എല്ലാ ജില്ലകളിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങി വിജയിയ്ക്കുന്ന പട്ടികജാതി--പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓരോ ആൺകുട്ടിയ്ക്കും പെൺകുട്ടിയ്ക്കുമായി മൊത്തം 28 പേർക്ക് 1500/- രൂപ വീതമുള്ള സ്ക്കോളർഷിപ്പുകൾ മുഖ്യമന്ത്രിയുടെതായി ക്ഷേത്ര പ്രവേശന വിളംബര സ്മാരക ദിനാഘോഷത്തോടൊപ്പം നൽകി വരുന്നു.

9. <u>മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ</u>

സമർത്ഥരായ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായി പബ്ളിക് സ്ക്കൂൾ മാതൃകയിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ പ്രവർത്തിച്ചു വരുന്നു. തൃശൂർ ജില്ലയിലെ തിരുവില്വാമലയിൽ അനുവദിച്ചിട്ടുള്ള സ്ഥാപനം സ്ഥല സൗകര്യത്തിൻെറ അപര്യാപ്തത മൂലം ഇപ്പോൾ പാലക്കാട് ജില്ലയിലെ തൃത്താലയിലാണ് പ്രവർത്തിയ്ക്കുന്നത്. സ്ക്കൂളിൽ ഇപ്പോൾ 75 വിദ്യാർത്ഥികൾക്ക് പഠന സൗകര്യമുണ്ട്. 4-ാം ക്ളാസ്സ് പാസ്സായവരിൽ നിന്നും പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ 5-ാം ക്ളാസ്സിലേയ്ക്കാണ് പ്രവേശനം നൽകുന്നത്. മാതാപിതാക്കളുടെ വാർഷീക വരുമാന പരിധി 30000/- രൂപയായിരിക്കണം.

10. <u>പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം</u>

അംഗീകൃത സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭിയ്ക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് തലത്തിൽ പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിയ്ക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിയ്ക്കുന്നു. ഇതിനുള്ള അപേക്ഷ സ്ഥാപന മേധാവി മുഖേന ബ്ളോക്ക്/മുനിസിപ്പാലിറ്റി/കോർപറേഷൻ പട്ടികജാതി വികസന ആഫീസർക്ക് നൽകേണ്ടതാണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു

11. <u>സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്നവർക്കുള്ള ആനുകൂല്യം</u>

2004-05 അദ്ധ്യയന വർഷം മുതൽ സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റ് പ്രകാരം മൊത്തം സർക്കാർ സീറ്റുകളിലെ മെറിറ്റ് സീറ്റിലും 10% റിസർവേഷൻ സീറ്റുകളിലും പ്രവേശനം ലഭിയ്ക്കുന്ന പട്ടികജാതി മറ്റർഹ വിദ്യാർത്ഥികൾക്ക് ജസ്റ്റിസ്.കെ.ടി.തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിലുള്ള ഫീസുൾപ്പെടെ എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്നു.

12. <u>ഐ.റ്റി.സികൾ, ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ</u>

ജില്ലയിൽ മായന്നൂർ, എങ്കക്കാട്, പുല്ലൂറ്റ്, നടത്തറ, എടത്തിരുത്തി, വി.ആർ.പുരം, ഹെർബർട്ട് നഗർ, എരുമപ്പെട്ടി എന്നിവിടങ്ങളിലായി 8 വ്യവസായ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ആൾ ഇൻഡ്യാ ട്രേഡ് ടെസ്റ്റിൽ വിജയിയ്ക്കുന്നവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.സി.വി.ടി.)) നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യം, യൂണിഫോം അലവൻസ്, ലംപ്സം ഗ്രാന്റ് എന്നിവയ്ക്കു പുറമെ 265/- രൂപ നിരക്കിൽ പ്രതിമാസ സ്റ്റൈപന്റും നൽകുന്നു.

13. <u>സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്ക് ആനുകൂല്യം</u>

കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന 36000/- രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവരുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്കും പഠിയ്ക്കുന്നതിന് ഫീസ് സൗജന്യം, ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ നൽകുന്നു. 42,000/- രൂപ വരെ വാർഷീക കുടുംബ വരുമാനമുള്ളവർക്ക് ഫീസ് ആനുകൂല്യവും ലംപ്സം ഗ്രാന്റും മാത്രം നൽകുന്നു. മേൽ പറഞ്ഞ വരുമാന പരിധിയ്ക്ക് വിധേയമായി മുന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിയ്ക്കുന്നു. സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനത്തിന് സംവരണം ലഭിയ്ക്കുന്നതിനുള്ള വരുമാന പരിധി 2.5 ലക്ഷം രൂപയാണ്.

അപേക്ഷാ ഫോറത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു. <u>ഫാറം നംപർ 3</u>

ഫാറങ്ങൾ പൂരിപ്പിക്കുന്നതിൽ അപേക്ഷകൻ ശ്രദ്ധിക്കേണ്ട പ്രധാന നിർദ്ദേശങ്ങൾ:-
(1) അപേക്ഷ ഫാറങ്ങൾ പൂരിപ്പിക്കുന്നതിനു മുൻപായി അപേക്ഷകൻ പദ്ധതിയുടെ നിയന്ത്രിത ച്ചട്ടങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചിരിക്കണം. ഈ സ്ക്കോളർഷിപ്പുകൾ മെട്രിക്കുലേഷനു മേലെയുള്ള പഠനത്തിനു മാത്രമാണ്.
(2) 1 മുതൽ 3 വരെ പേജുകളിലുള്ള എല്ലാ കോളങ്ങളും അപേക്ഷകൻ പൂരിപ്പിക്കുകയും ഈ അപേക്ഷ കോളേജിൽോ ക്ളാസസിലോ പ്രവേശിക്കുന്ന തിയതി മുതൽ 60 ദിവസത്തിനകം സമർപ്പിക്കുകയും ചെയ്യണം. താമസിച്ചുകിട്ടുന്ന അപേക്ഷകൾ നിരസിക്കാനിടയുള്ളതാണ്. 1,3 പേജുകളിലുള്ള സാക്ഷ്യപത്രങ്ങൾ സ്ഥാപനത്തിലെ തലവൻ പൂരിപ്പിക്കേണ്ടതാണ്.
(3) സ്ഥാപനത്തിലെ മേലധികാരിക്ക് അപേക്ഷ സമർപ്പിക്കുന്നതിനുമുൻപായി ഈ അപേക്ഷ പ്രകാരം വേണ്ടതായ എല്ലാ രേഖകളും അപേക്ഷയോടൊപ്പം വച്ചിരിക്കണം.
(4) എല്ലാ കോളങ്ങളും പൂരിപ്പിക്കാതെയും ആവശ്യമായ സാക്ഷ്യപത്രങ്ങളില്ലാതെയും കിട്ടുന്ന അപേക്ഷകൾ മടക്കുന്നതിന്/നിരസിക്കുന്നതിന് ഇടയുള്ളതാണ്.

(5) വ്യാജപ്രസ്താവങ്ങൾ, തെറ്റായ സത്യപ്രസ്താവന, ജാതി, വരുമാനം ആദിയായവ കൊടുത്ത് അപേക്ഷ സമർപ്പിക്കുകയോ കൃത്രിമ മാർഗ്ഗങ്ങളിൽക്കൂടി സ്കോളർഷിപ്പ് കരസ്ഥമാക്കുകയോ ചെയ്യുന്നതായാൽ അപേക്ഷകനെ/അപേക്ഷകയെ എന്നേക്കും വീഴ്ചക്കാരുടെ പട്ടികയിൽപ്പെടുത്തുകയും ഇതുപ്രകാരമോ മറ്റേതെങ്കിലും സ്കോളർഷിപ്പ് പദ്ധതി പ്രകാരമോ സ്കോളർഷിപ്പ് ലഭിക്കുന്നതിൽ നിന്നും എക്കാലവും നീക്കം ചെയ്യുകയും ചെയ്യുന്നതാണെന്ന് അപേക്ഷകന് മുന്നറിയിപ്പ് നൽകുന്നതാകുന്നു. കൂടാതെ കൊടുത്തു കഴിഞ്ഞ സ്കോളർഷിപ്പ് സംഖ്യ വസൂലാക്കുകയും ചെയ്യുന്നതാണ്.

14. <u>അയങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്</u>

സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികളെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ആവശ്യമായ സ്കോളർഷിപ്പും മറ്റു ചെലവുകളും നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. 4-ാം ക്ളാസ്സിലും 7-ാം ക്ളാസ്സിലും പഠിയ്ക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയിലൂടെ കണ്ടെത്തി തിരഞ്ഞെടുത്ത് തുടർ വിദ്യാഭ്യാസത്തിന് ആവശ്യമായ എല്ലാ സഹായവും ചെയ്യുന്നതാണ്. കൂടാതെ, പാഠ പുസ്തകങ്ങൾ, യൂണിഫോം, പ്രത്യേക റ്റ്യൂഷൻ, ആരോഗ്യ പരിരക്ഷ, ഹോസ്റ്റൽ സൗകര്യം, വ്യക്തിത്വ വികസന പരിപാടികൾ, രക്ഷാ കർത്താക്കൾക്ക് ആവശ്യമായ ഉപദേശം, അനുയോജ്യമായ തൊഴിൽ രംഗം കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങിയവ നൽകുന്നതാണ്.

15. <u>മിടുക്കിന് അംഗീകാരവും പ്രോത്സാഹനവും</u>

എസ്.എസ്.എൽ.സി, പ്ളസസ്ടു,ടി.ടി.സി,പോളിടെക്ക്നിക്ക്,ഡിഗ്രി,പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി എന്നീ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നു. അവയുടെ നിരക്ക് താഴെ പറയുന്നു.

| | |
|---|---|
| എസ്.എസ്.എൽ.സി | : 750 രൂപ |
| പ്ളസസ്ടു,ടി.ടി.സി,പോളിടെക്ക്നിക്ക് വി.എച്ച്.എസ്.ഇ | : 1000 രൂപ |
| ഡിഗ്രി | : 1500 രൂപ |
| പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി/ പ്രൊഫഷണൽ കോഴ്സുകൾ | : 2000 രൂപ |

പ്രോത്സാഹന സമ്മാനത്തിനുള്ള അപേക്ഷ,ജാതി സർട്ടിഫിക്കറ്റ്,ബന്ധപ്പെട്ട പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ പകർപ്പ് തുടർന്നു പഠിക്കുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ എന്നിവ സഹിതം അവസാന പരീക്ഷയെഴുതിയ സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലയിലുള്ള ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഫോറത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

16. <u>തോറ്റ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ വിദ്യാഭ്യാസത്തിനു ധനസഹായം</u>

എസ്.എസ്.എൽ.സി, പ്രീ ഡിഗ്രി,ഡിഗ്രി കോഴ്സുകൾക്ക് പരാജയപ്പെട്ടവരിൽ 25% മാർക്കെങ്കിലും ലഭിച്ചിട്ടുള്ളവർക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കാൻ ധനസഹായം നൽകിവരുന്നു. എസ്.എസ്.എൽ.സി യ്ക്ക് 20% മാർക്ക് ലഭിച്ചവർക്കും ഈ ആനുകൂല്യം നൽകുന്നുണ്ട്. ധനസഹായത്തിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ ജാതി സർട്ടിഫിക്കറ്റ്,അവസാന പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ളോക്ക് പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

17. <u>ബുക്ക് ബാങ്ക്</u>

മെഡിയ്ക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ ,വെറ്ററിനറി,എം.ബി.എ, എൽ.എൽ.ബി, എൽ.എൽ.എം,ബയോ സയൻസ് മുതലായ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്ന എയ്ഡഡ് സ്ഥാപനങ്ങൾക്ക് വിലയേറിയ റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങാൻ ബുക്ക് ബാങ്ക് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. ഓരോ കോഴ്സിനും അർഹതപ്പെട്ട തുക ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോഴ്സുകൾ | ഒരു സെറ്റിന് അനുവദിക്കാവുന്ന തുക |
|---|---|---|
| 1 | മെഡിയ്ക്കൽ ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ(ഹോമിയോ ഉൾപ്പെടെ) | 7500 |
| 2 | എഞ്ചിനീയറിംഗ് | 7500 |
| 3 | അഗ്രികൾച്ചർ | 4500 |
| 4 | വെറ്ററിനറി | 5000 |
| 5 | പോളിടെക്ക്നിക്ക് | 2400 |
| 6 | എം.ബി.എ | 5000 |
| 7 | ബയോസയൻസ് | 5000 |
| 8 | ചാട്ടേഡ് അക്കൗണ്ടന്റ് | 5000 |
| 9 | എൽ.എൽ.ബി | 5000 |
| 10 | എൽ.എൽ.എം | 5000 |

## II. <u>സാംപത്തിക വികസന പരിപാടികൾ</u>

പട്ടികജാതിക്കാരുടെ സാംപത്തിക വികസനത്തിനും, സാമൂഹിക സുരക്ഷിതത്വത്തിനുമായി ആധുനികമായ തൊഴിൽ മേഖലകളിൽ കൂടി അവർക്ക് കടന്നു ചെല്ലാൻ സഹായകമായ വിവിധ പ്ധതികൾ നടപ്പാക്കി വരുന്നു.

1 <u>സ്വയം തൊഴിൽ പദ്ധതി. .</u>

പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഒരു വ്യക്തിയ്ക്ക് 3 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള വ്യവസായം ആരംഭിയ്ക്കാൻ 1 ലക്ഷം രൂപ സർക്കാർ സബ്സിഡിയായും 7 പേരുള്ള ഗ്രൂപിന് 10.5 ലക്ഷം രൂപ വരെ മുതൽ മടക്കുള്ള വ്യവസായം ആരംഭിയ്ക്കാൻ 3.5 ലക്ഷം രൂപ സബ്സിഡിയായും നൽകുന്നു. ബാക്കി തുക ബാങ്ക് വായ്പയായി സ്വരൂപിക്കേണ്ടതാണ്. ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18നും 50നും മദ്ധ്യേ പ്രായമുള്ളവരും 7-ാം ക്ളാസസ് പൂർത്തിയാക്കിയവരും ആയിരിക്കണം. ഈ പദ്ധതിയിൽ ഗുണഭോക്താക്കളാവുന്നതിന് <u>അപേക്ഷിക്കേണ്ട</u> മാതൃക ചുവടെ ചേർക്കുന്നു.

2 <u>വക്കീലൻമാർക്ക് ധനസഹായം</u>

പട്ടികജാതിക്കാരായ നിയമ ബിരുദധാരികൾക്ക് വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് ബാർ കൗൺസിലിൻെറ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ആദ്യ വർഷം ഡ്രസ്സിന് 2000/- രൂപ, നിയമ പുസ്തകങ്ങൾ വാങ്ങാൻ 5000/- രൂപ എന്നീ നിരക്കിൽ ആനുകൂല്യം അനുവദിയ്ക്കുന്നതാണ്. 2-ഉം, 3-ഉം വർഷങ്ങളിലും തുടർന്നും പ്രാക്ടീസ് നടത്തുന്നതിനു വേണ്ടി പ്രതിമാസം മുറി വാടകയായി 250/-രൂപയും ഡ്രസ്സിന് 2000/- രൂപയും, നിയമ പുസ്തകങ്ങൾ വാങ്ങുന്നതിന് 5000/- രൂപയും ധനസഹായം നൽകുന്നു. ഇതിനു പുറമെ, അഭിഭാഷകനായി സന്നദ് ചെയ്യുന്നതിനുള്ള ചെലവ് റീ-ഇംബേഴ്സ് ചെയ്യുന്നതിനായി ഒരാൾക്ക് പരമാവധി ധനസഹായമായി 1550/- രൂപ വരെ അനുവദിയ്ക്കുന്നു. ഈആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

3. <u>മെച്ചപ്പെട്ട തൊഴിൽ ലഭിയ്ക്കുന്നതിനുള്ള പരിശീലനം</u>

ആൾ ഇൻഡ്യാ അപ്രന്റീസ് ഷിപ്പിന് ട്രേഡ് ടെസ്റ്റ് പാസ്സാകുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് അഡീഷണൽ അപ്രന്റീസ്ഷിപ്പിനു വേണ്ടി ഒരു വർഷ കാലത്തേയ്ക്ക് പ്രതിമാസം 1400/- രൂപ നിരക്കിലും, ഐ.ടി.സി., ഐ.ടി.ഐ. പാസ്സാകുന്നവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിലും എഞ്ചിനീയറിംഗ് ഡിഗ്രി പാസ്സാകുന്നവർക്ക് 1 വർഷത്തെ പരിശീലനത്തിന് പ്രതിമാസം 1800/- രൂപ നിരക്കിലും സ്റ്റൈപന്റ് നൽകുന്നു.

## III. <u>സാമൂഹ്യ ഉന്നമന പരിപാടികളും ക്ഷേമ പദ്ധതികളും</u>

പട്ടികജാതിക്കാരോടുള്ള അതിക്രമങ്ങളും കയ്യേറ്റങ്ങളും തടയുന്നതിനും അത്തരം കയ്യേറ്റങ്ങൾ നടത്തിയവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നതിനോടൊപ്പം തന്നെ അതിക്രമങ്ങളും കയ്യേറ്റങ്ങളും മൂലം ദുരിതം അനുഭവിയ്ക്കേണ്ടി വരുന്നവരുടേയും, ആശ്രിതരുടേയും പുനരധിവാസത്തിനും ആശ്വാസത്തിനുമുള്ള പദ്ധതികൾ നടത്തി വരുന്നു.

.

1. <u>ബോധവൽക്കരണ സെമിനാർ</u> :

അയിത്താചരണത്തിൻെറ ദൂഷ്യ ഫലങ്ങളേയുംപട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനെയും ലക്ഷ്യമാക്കി പട്ടികജാതി സങ്കേതങ്ങളിൽ സാമൂഹിക പ്രവർത്തകരെയും, വിദ്യാർത്ഥികളെയും, പൊതു ജനങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ചർച്ചാ ക്ളാസ്സുകളും, സെമിനാറുകളും ബോധവൽക്കരണ ക്യാംപുകളും, മെഡിക്കൽ ക്യാംപുകളും സംഘടിപ്പിച്ചു വരുന്നു.

<u>മിശ്രവിവാഹിതർക്ക് ധനസഹായം</u>

മിശ്രവിവാഹം മൂലം സാമൂഹ്യമായ ഒറ്റപ്പെടുത്തലിനും പീഢനങ്ങൾക്കും വിധേയമാകുന്നവർക്ക് ആശ്വാസ നടപടി എന്ന നിലയിൽ അത്തരം ദംപതികൾക്ക് 20000 രൂപ വരെ ധനഹായം നൽകിവരുന്നു. ഈ പദ്ധതി അനുസരിച്ചുള്ള ധനസഹായത്തിനു നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം അതാതു ബ്ളോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലുള്ള പട്ടികജാതി വികസന ആഫീസർക്ക് നൽകേണ്ടതാണ്. വരുമാന പരിധി 22000 രൂപ. വിവാഹം കഴിഞ്ഞ ഒരു വർഷത്തിനുശേഷം മൂന്നു വർഷത്തിനകം അപേക്ഷിക്കണം. ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള ഫോറത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

2. <u>ഉദ്യോഗാർത്ഥികൾക്ക് യാത്രാ ബത്ത</u> :

പി.എസ്.സി. , എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നീ സ്ഥാപനങ്ങൾ വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗ ഒഴിവിലേയക്ക് ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകേണ്ടുന്ന സ്ഥലം വരെ പോയി മടങ്ങി വരുന്നതിന് യാത്രാ ചെലവിനത്തിൽ വേണ്ടി വരുന്ന തുക ഈ പദ്ധതി മുഖേന നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപപിലാക്കി വരുന്നത്.

3. <u>ഭൂരഹിത ഭവന രഹിത പട്ടികജാതി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി</u> :

ഭൂരഹിത ഭവന രഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ഏറ്റവും കുറഞ്ഞ പക്ഷം ഗ്രാമ പഞ്ചായത്തുകളിൽ 3 സെന്റ് സ്ഥലം വാങ്ങുന്നതിന് 25000/- രൂപയും, മുനിസിപ്പൽ പ്രദേശത്ത് ഒന്നര സെന്റിന് 27500/- രൂപയും, കോർപറേഷൻ പ്രദേശത്ത് ഒന്നര സെന്റിന് 30000/- രൂപയും ധനസഹായം നൽകുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഈ ആനുകൂല്യത്തിന് അപേക്ഷിയ്ക്കാവുന്നതാണ്.

4. <u>പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം</u>

ഭവന രഹിതരും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുമായ പട്ടികജാതിക്കാർക്ക് ചുരുങ്ങിയത് 323 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടു വെയ്ക്കുന്നതിന് 70000/- രൂപ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നു. ഗ്രാമസഭ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതാണ്.

5. <u>പട്ടികജാതിക്കാരുടെ ഇടയിലുള്ള ദുർബല വിഭാഗക്കാരുടെ പുനരധിവാസം:</u>

പട്ടികജാതിക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന നായാടി, വേടൻ, വേട്ടുവൻ എന്നീ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിന് 32500/- രൂപയും, വീടു വെയ്ക്കുന്നതിന് 70000/- രൂപയും നൽകുന്നു . ബ്ളോക്ക് പട്ടികജാതി വികസന ആഫീസർ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

6. ദുരിതാശ്വാസ നിധി :

പിന്നോക്ക പട്ടിക സമുദായ ക്ഷേമ മന്ത്രിയുടെ ഔദ്യോഗീക നാമധേയത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. 25000/- രൂപയിൽ താഴെ വാർഷീക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വരുമാനദായകർ രോഗം മൂലം മരണപ്പെടുക, കുടുംബാംഗങ്ങൾക്ക് ദീർഘകാല ചികിത്സ ആവശ്യമായി വരിക, തീപിടുത്തം, പ്രകൃതി ക്ഷോഭം എന്നിവ മൂലം അത്യാവശ്യ ചെലവുകൾ വേണ്ടി വരിക തുടങ്ങിയ അത്യാഹിത സന്ദർഭങ്ങളിൽ സാംപത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള ഫോറത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

7. ഭാരതദർശൻ/ദക്ഷിണഭാരതദർശൻ പര്യടന പരിപാടി:

രാജ്യത്തിൻെറ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളെപ്പറ്റി വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നതിന് ആൺകുട്ടികൾക്കായി ഭാരതദർശൻ പരിപാടിയും, പെൺകുട്ടികൾക്ക് ദക്ഷിണഭാരതദർശൻ പര്യടന പരിപാടിയും നടപ്പിലാക്കി വരുന്നു. ഉന്നത മാർക്ക് വാങ്ങുന്ന പ്ളസ് ടു, ഡിഗ്രി, പി.ജി വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ഈ പര്യടന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. ക്രിസ്തുമസ്സ് അവധിക്കാലത്താണ് പര്യടന പരിപാടി സംഘടിപ്പിയ്ക്കുന്നത്.

8. സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം:

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഗാന്ധിജിയുടെ ജൻമദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷമായി ആചരിച്ചു വരുന്നു. പക്ഷാചരണ കാലത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്താറുണ്ട്.

9. എസ്.സി. പ്രമോട്ടർമാർ :

സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും എസ്.സി. .പ്രമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ഒന്ന്, മുനിസിപ്പാലിറ്റികളിൽ 3 , കോർപറേഷനുകളിൽ 5 എന്ന കണക്കിൽ പ്രമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികജാതിക്കാർക്കായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമാക്കാൻ ഉദ്ദേശിച്ചാണ് പ്രമോട്ടർമാരെ നിയമിച്ചിട്ടുള്ളത്.

## പ്രധാന ഫോൺ നംപറുകളും അഡ്രസ്സും

| | |
|---|---|
| പട്ടികജാതി വികസന ഡയറക്ടറേറ്റ്,<br>പി.റ്റി.പി.നഗർ,തിരുവനന്തപുരം,<br>പിൻ- 695 038 | : 0471- 2366397 |
| ഡെപ്യൂട്ടി ഡയറക്ടർ,<br>ദക്ഷിണമേഖല, തിരുവനന്തപുരം. | : 0471- 2338160 |
| ഡെപ്യൂട്ടി ഡയറക്ടർ,<br>ഉത്തരമേഖല,കോഴിക്കോട്. | : 0495- 2370379 |
| ജില്ലാ പട്ടികജാതി വികസന ആഫീസ്,<br>സിവിൽസ്റ്റേഷൻ,തൃശ്ശൂർ | : 0487- 2360381 |

## തൃശ്ശൂർ ജില്ലയിലെ ബ്ളോക്ക്/കോർപ്പറേഷൻ ആഫീസ് ഫോൺ നംപറുകൾ:

| | |
|---|---|
| 1. ചാവക്കാട് ബ്ളോക്ക് | : 0487- 2507088 |
| 2. ചൊവ്വന്നൂർ ബ്ളോക്ക് | : 0488- 2522670 |
| 3. വടക്കാഞ്ചേരി ബ്ളോക്ക് | : 0488- 2434252 |
| 4. പഴയന്നൂർ ബ്ളോക്ക് | : 0488- 2425044 |
| 5. ഒല്ലൂക്കര ബ്ളോക്ക് | : 0487- 2370430 |
| 6. പുഴയ്ക്കൽ ബ്ളോക്ക് | : 0487- 2307305 |
| 7. മുല്ലശ്ശേരി ബ്ളോക്ക് | : 0487- 2262473 |
| 8. തളിക്കുളം ബ്ളോക്ക് | : 0487- 2391785 |
| 9. അന്തിക്കാട് ബ്ളോക്ക് | : 0487- 2272018 |
| 10.ചേർപ്പ് ബ്ളോക്ക് | : 0487- 2342283 |
| 11.കൊടകര ബ്ളോക്ക് | : 0480- 2751462 |
| 12.ഇരിങ്ങാലക്കുട ബ്ളോക്ക് | : 0480- 2825291 |
| 13.വെള്ളാങ്ങല്ലൂർ ബ്ളോക്ക് | : 0480- 2860107 |
| 14.മതിലകം ബ്ളോക്ക് | : 0480- 2850260 |
| 15.കൊടുങ്ങല്ലൂർ ബ്ളോക്ക് | : 0480- 2802244 |
| 16.മാള ബ്ളോക്ക് | : 0480- 2890398 |
| 17.ചാലക്കുടി ബ്ളോക്ക് | : 0480- 2701446 |
| 18.തൃശ്ശൂർ കോർപ്പറേഷൻ | : 0487- 2422020 |

* ബ്ളോക്ക്/കോർപ്പറേഷൻ ആഫീസുകളുടെ ഭാഗമായാണ് ബ്ളോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസുകൾ പ്രവർത്തിക്കുന്നത്.

2. <u>അംഗീകൃത അൺ എയ്ഡഡ്  സ്ക്കൂളുകളിൽ ഫീസ് ആനുകൂല്യം</u>

അംഗീകൃത അൺ എയ്ഡഡ്  സ്ക്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൈമറി തലത്തിൽ 1000 രൂപയും, ഹൈസ്ക്കൂൾ തലത്തിൽ 1500 രൂപയും, പ്രതിവർഷം ട്യൂഷൻ ഫീസായും ഈ നിരക്കിൻെറ 3-ൽ ഒരു ഭാഗം സ്പെഷ്യൽ ഫീസായും നൽകി വരുന്നു.

6. <u>കോളേജുകളിൽ റിസർവേഷൻ</u>

സ്വകാര്യ കോളേജുകൾ ഉൾപ്പെടെയുള്ള അംഗീകൃത ആർട്സ് ആൻെറ് സയൻസ് കോളേജുകളിൽ വരുമാന പരിധിയില്ലാതെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 20(15+5) ശതമാനവും പ്രൊഫഷണൽ കോളേജുകളിലും സാങ്കേതിക സ്ഥാപനങ്ങളിലും 10(8+2) ശതമാനവും സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.  സംവരണം പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം ഉണ്ട്.

. <u>റാങ്ക് ജേതാക്കൾക്ക് അവാർഡ്</u>

തിരുവിതാംകൂർ ക്ഷേത്ര പ്രവേശന  വിളംബരസ്മാരക ദിനാഘോഷത്തോടനുബന്ധിച്ച് ഓരോ വർഷവും മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പട്ടികജാതി വിഭാഗത്തിൽ ഒന്നാം റാങ്ക് ലഭിയ്ക്കുന്ന ഓരോ  ആൺകുട്ടിയ്ക്കും പെൺകുട്ടിയ്ക്കുമായി മൊത്തം 8 പേർക്ക് 2501/- രൂപ കാഷ് അവാർഡ് നൽകി വരുന്നു.  സംസ്ഥാനത്തെ ഓരോ യൂണിവേഴ്സിറ്റിയിൽ നിന്നും പഞ്ചവത്സര-ത്രി വത്സര എൽ.എൽ.ബി. പരീക്ഷയിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4 പേർക്ക് ഡോ. അംബേദ്ക്കർ മെമ്മോറിയൽ മെഡലും 5000/- രൂപ കാഷ് അവാർഡും നൽകുന്നു.

16. <u>മറ്റു വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ:</u>

ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിയ്ക്കുന്ന മറ്റു പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യം അനുവദിയ്ക്കുന്നു.

1. <u>വ്യവസായ വായ്പ</u> :

സ്വന്തമായി ചെറുകിട വ്യവസായങ്ങൾ ആരംഭിയ്ക്കുന്നതിനും നിലവിലുള്ളവ വിപുലപ്പെടുത്തുന്നതിനും പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പ്രൊജക്ടിൻെറ 20 ശതമാനമോ പരമാവധി 25000/-രൂപ വരെയോ പലിശയില്ലാത്ത വായ്പ അനുവദിയ്ക്കുന്നു.  വാർഷീക വരുമാനം 12000/- രൂപയിൽ കവിയാത്ത പട്ടികജാതിക്കാർക്ക് ഇതനുസരിച്ചുള്ള വായ്പയ്ക്ക് അർഹതയുണ്ട്.

2. <u>നാടൻ കലാമേള പ്രദർശന വിപണന മേള</u>

പട്ടിക വിഭാഗക്കാരുടെ പാരംപര്യ കലകളും കൈത്തൊഴിലുകളും വളർത്തുന്നതിനും പരിഷ്ക്കരിയ്ക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി.  പട്ടിക ജാതി/വർഗ്ഗ കലാസംഘടനകളുടെ നാടൻ കലാമേള എല്ലാ വർഷവും സംഘടിപ്പിച്ച് അവർക്ക് പ്രോത്സാഹനവും സഹായവും നൽകുന്നു.

2. ഇലക്ട്രോണിക്സ് കംപ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി മുതലായവയിലും മറ്റ് ഹൈ ടെക് കോഴ്സുകളിലും പരിശീലനം

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഐ.ആർ.എം.എ. സേവ്യർസ് ലേബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക്സ്, കംപ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി, വിവിധ ഹൈ ടെക് കോഴ്സുകൾ എന്നിവയിൽ പ്രവേശനം നൽകുന്നതിനുള്ള ചെലവുകൾ, കോഴ്സ് ഫീസ്, ഹോസ്റ്റൽ ചെലവുകൾ പഠന സാമഗ്രികൾ, യാത്രാ ചെലവുകൾ മുതലായവ നൽകുന്നതാണ്. ക്യാറ്റ്, മാറ്റ്, ഗേറ്റ് തൊഴിലധിഷ്ഠിത ബിരുദാനന്തര ബിരുദം എന്നിവകളിലേയ്ക്ക് പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പരിശീലനവും നൽകുന്നു.

3. ഷോപ്പിംഗ് കോംപ്ളക്സ്

അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗങ്ങൾക്ക് കച്ചവടത്തിലും വ്യവസായത്തിലും അഭിരുചി വർദ്ധിപ്പിയ്ക്കുന്നതിനും അതുവഴി തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്തുന്നതിനും ഒരു പ്രോത്സാഹനം എന്ന നിലയിൽ വകുപ്പ് നേരിട്ട് ഒരു ഷോപ്പിംഗ് കോംപ്ളക്സ് വിലകൊടുത്ത് മിതമായ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ഭവന നിർമ്മാണ വായ്പ:

ഗ്രാമ പഞ്ചായത്ത് അതിർത്തിയിൽ സ്വന്തമായി 4 സെന്റ് അല്ലെങ്കിൽ മുനിസിപ്പൽ/കോർപറേഷൻ പരിധിയിൽ 2 സെന്റ് ഭൂമി സ്വന്തമായുള്ള പട്ടികജാതിക്കാർക്കാണ് ഈ പദ്ധതി പ്രകാരം പലിശയില്ലാത്ത വായ്പ അനുവദിയ്ക്കുന്നത്. 30000/- രൂപ വരെ വാർഷീക വരുമാനമുള്ളവർക്ക് 75000/- രൂപയും 30000/- മുതൽ 50000/- രൂപ വരെ വാർഷീക വരുമാനമുള്ളവർക്ക് 1 ലക്ഷം രൂപ വരെയും വായ്പയായി അനുവദിയ്ക്കുന്നതാണ്.

2. ഓടു മേച്ചിൽ ഗ്രാന്റ്:

പട്ടികജാതിക്കാരുടെ സ്വന്തം വീടുകൾക്ക് ഓടിടുന്നതിന് 2500/- രൂപ ധനസഹായം നൽകുന്നു. മേൽക്കൂര ബലപ്പെടുത്തി ഓടു മേയാനാണെങ്കിൽ ഗ്രാന്റ് 3000/- രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതാണ്. ടി ധനസഹായം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി നൽകി വരുന്നു.

3. സാഹിത്യകാരൻമാരുടെ കൃതികൾ പ്രസിദ്ധീകരിയ്ക്കുന്നതിന് ധനസഹയം:

അയിത്തോച്ചാടന പരിപാടികളുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സാഹിത്യകാരൻമാരുടെ പ്രസിദ്ധീകരണ യോഗ്യമായ തെരഞ്ഞെടുക്കപെടുന്ന കൃതികൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം വഴി കൃതികളുടെ ആയിരം കോപ്പികൾ പ്രസിദ്ധീകരിയ്ക്കുന്നതിനായി യഥാർത്ഥ ചെലവോ 20000/- രൂപയോ ഏതാണോ കുറവ്, ആ തുക ധനസഹായമായി ഒരു സാഹിത്യകാരനു നൽകുന്നു.

4. സാഹിത്യ ശിൽപശാല:

പട്ടികജാതി/പട്ടികവർഗ്ഗത്തിലും ഇതര വിഭാഗത്തിലുംപ്പെട്ട സാഹിത്യകാരൻമാരുടെ സാഹിത്യ വാസന പരിപോഷിപ്പിയ്ക്കുന്നതിനായി ആണ്ട് തോറും സാഹിത്യ ശിൽപശാല സംഘടിപ്പിയ്ക്കുന്നു.

5. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ:

കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ പഠന സൗകര്യത്തിനായി ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ജില്ലയിൽ പ്രവർത്തിച്ചു വന്നിരുന്നു. അനുയോജ്യമായ കെട്ടിടത്തിൻെറ അഭാവത്തിൽ പ്രസ്തുത ഹോസ്റ്റലിൻെറ പ്രവർത്തനം നിർത്തി വെച്ചിരിയ്ക്കുകയാണ്. ടി ഹോസ്റ്റലിൽ വീണ്ടും പ്രവർത്തനം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രം:

പട്ടികജാതിക്കാർക്ക് വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനു തെരഞ്ഞെടുക്കപെടുന്നതിനു വേണ്ടി പി.എസ്.സി. നടത്തുന്ന വിവിധ മത്സര പരീക്ഷകൾക്കു വേണ്ടി പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഹ്രസ്വകാല പരിശീലനം നൽകാനായി ഒരു പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെൻറ്റർ ജില്ലയിൽ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

7. സി.ബി.എസ്.ഇ. മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ :

ജില്ലയിൽ സി.ബി.എസ്.ഇ. മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ അടുത്ത അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.